"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - എൽ.എം.എസ് - അട്ടകുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 05/2016 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക 4217-60-800-93 (Plan) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി - നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

| | |
|---|---|
| **സ.ഉ.(സാധാ) നം.915/2025/LSGD** | **തീയതി, തിരുവനന്തപുരം, 05-04-2025** |

പരാമർശം:-

1. സ.ഉ. (അച്ചടി) നം. 32/2019ധന, തീയതി, 18/03/2019.
2. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ. 05/2016 നമ്പർ കേസിന്മേലുള്ള 23/11/2021 തീയതിയിലെ വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23/06/2022-ലെ കെ9/430808/22 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 29-01-2025-ലെ എ3/1252/2022/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ് - അട്ടകുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ. ശങ്കു പത്മനാഭ പിള്ളയും മറ്റുള്ളവരും ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 05/2016 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 10,09,046/- രൂപ (പത്ത് ലക്ഷത്തി ഒൻപതിനായിരത്തി നാല്പത്തിയാറ് രൂപ മാത്രം)യും 27,98,462/- രൂപ (ഇരുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി നാന്നൂറ്റി അറുപത്തിരണ്ട് രൂപ മാത്രം)യും ഉൾപ്പടെ ആകെ 38,07,508/-രൂപ (മുപ്പത്തിയെട്ട് ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റിയെട്ട് രൂപ മാത്രം) അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) കത്ത് പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്. - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 1286 (എൽ.എ.റീ.സർവ്വേ നം. 1286/16)-ൽ ഉൾപ്പെട്ടതും ശ്രീ. ശങ്കു പത്മനാഭ പിള്ള, ശ്രീമതി പി. സീതാലക്ഷ്മി അമ്മാൾ, ശ്രീ. തൊപ്പയ്യാ പിള്ള, ശ്രീ. പഴനിയ പിള്ള, ശ്രീ. അരുൺ, ശ്രീ. വെങ്കിടാചലം പിള്ള എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.34 ആർ (0.25 ആർ + 0.09 ആർ) ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 05/2016 നമ്പർ കേസിലെ 0.09 ആർ ഭൂമി

ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ബാലൻസ് വിധിക്കടത്തുകയായ 10,09,046/- രൂപയും 0.25 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ബാലൻസ് വിധിക്കടത്തുകയായ 27,98,462/- രൂപയും ഉൾപ്പെടെ 38,07,508/-രൂപ (മുപ്പത്തിയെട്ട് ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റിയെട്ട് രൂപ മാത്രം) ടി കേസിലെ കക്ഷികൾക്ക് '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. ശങ്കു പത്മനാഭ പിള്ള, രശ്മി, പുത്തൻചന്ത, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീമതി പി. സീതാലക്ഷ്മി അമ്മാൾ, വെങ്കിടാചല മന്ദിരം, നെട്ടയം, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. തൊപ്പയ്യാ പിള്ള, വെങ്കിടാചല മന്ദിരം, നെട്ടയം, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. പഴനിയ പിള്ള, വെങ്കിടാചല മന്ദിരം, നെട്ടയം, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. അരുൺ, വെങ്കിടാചല മന്ദിരം, നെട്ടയം, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. വെങ്കിടാചലം പിള്ള, വെങ്കിടാചല മന്ദിരം, നെട്ടയം, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/33/2025/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 05-04-2025 16:03:32
സെക്ഷൻ ഓഫീസർ